(ഡി) 1962-ലെ ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 9 (എ) പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി നിയമനം ലഭിച്ച ഫോറസ്ട്രി ബിരുദധാരികൾക്ക് ഒരു വർഷത്തെ വകുപ്പുതല പ്രായോഗിക പരിശീലനം പൂർത്തീകരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ചട്ടം 9 (2) (എ) പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി നിയമനം ലഭിച്ച ഫോറസ്ട്രി ബിരുദധാരികൾക്ക് ഭാരത സർക്കാരിന്റെ ഫോറസ്റ്റ് എഡ്യൂക്കേഷൻ ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനത്തിൽ നിന്നും കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള റെയിഞ്ചേഴ്സ് ട്രെയിനിംഗ് പൂർത്തിയാക്കിയതിനുശേഷം ചട്ടം 9 (2) (ബി) പ്രകാരം ഒരു വർഷത്തെ വകുപ്പുതല പ്രായോഗിക പരിശീലനവും പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ഇ) 1962-ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ നിലവിലുണ്ടായിരുന്നപ്പോൾ ബി.എസ്സി. ഫോറസ്ട്രി ക്വാട്ടയിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ഉണ്ടായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. തയ്യാറാക്കി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്ന് 2010-ൽ സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നതിനുശേഷമുണ്ടായ ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ നിയമനത്തിന് ശിപാർശ ചെയ്തിട്ടുണ്ട്.

ശബരിമലയിലെ കാടുകളിലെ അമൂല്യമായ മരങ്ങൾ

296 (2171) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിലെ കാടുകളിലെ അമൂല്യമായ മരങ്ങൾ, വെടിപ്പുര കരാർ എടുത്തിരിക്കുന്ന ആളുകൾ വെട്ടി മാറ്റി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടും നടപടി എടുക്കാത്ത വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

(ഡി) ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ശബരിമലയിലെ വെടി കരാറുകാർ കൈവിരൽ നീളവും വണ്ണവുമുള്ള ചെറിയ മടുക്ക കമ്പുകൾ മുറിച്ച് കതിന കുറ്റിക്കുവേണ്ടി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ശബരിമലയിൽ ശബരിപീഠത്തിന് സമീപം തിരുവിതാകൂർ ദേവസ്വം ബോർഡിൽ നിന്നും വെടിവഴിപാട് നടത്തുവാൻ കരാർ എടുത്തിട്ടുള്ള കരാറുകാരൻ കതിനയുടെ പ്ലഗ് ആയി ഉപയോഗിക്കുന്നതിന് കാട്ടിൽനിന്നും വെട്ടിശേഖരിച്ച് വച്ചിരുന്നതായ കൈവിരൽ നീളവും വണ്ണവുമുള്ള മട്ടക്ക (Xanthophyllum arnottianum) ഇനത്തിൽപ്പെട്ട കഷ്ടികൾ കണ്ടെത്തുകയും ടി കുറ്റകൃത്യത്തിന് 1-12-2014 തീയതിയിൽ സന്നിധാനം ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫുകൾ മഹസർ തയ്യാറാക്കി ടി കരാറുകാരന്റെയും സഹായിയുടെയും പേരിൽ, കേരള ഫോറസ്റ്റ് ആക്ട് സെക്ഷൻ 27 (1)ഇ 3, വനസംരക്ഷണ നിയമത്തിലെ സെക്ഷൻ 27 (2) എന്നിവ പ്രകാരം ഒ.ആർ.-02/2014 നമ്പർ കേസ് സന്നിധാനം ഫോറസ്റ്റ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുകയും ബഹു. റാന്നി JFMC-യിൽ ഫോം.1 റിപ്പോർട്ട് സമർപ്പിച്ച് തുടർ അന്വേഷണം നടത്തി വരുന്നതുമാണ്.

(സി&ഡി) മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

കാസർഗോഡ് ജില്ലയിലെ വന്യമൃഗങ്ങളുടെ ശല്യം

297 (2172) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വന്യമൃഗങ്ങളുടെ ശല്യം ക്രമാതീതമായി വർദ്ധിച്ചുവരുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനവാസകേന്ദ്രങ്ങളിലും സ്കൂൾ പരിസരത്തും പകൽ സമയങ്ങളിൽ കാട്ടാനക്കൂട്ടം ഇറങ്ങി പരിഭ്രാന്തി സൃഷ്ടിക്കുന്ന വിഷയം ഗൗരവത്തിൽ എടുത്തിട്ടുണ്ടോ ;

(സി) ജനവാസ കേന്ദ്രത്തിൽ ആന ഇറങ്ങുമ്പോൾ പേരിന് തുരത്തൽ നടപടി സ്വീകരിക്കുന്നതല്ലാതെ ആയതിന് ശാശ്വത പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാണ്ടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ അതിർത്തിയിലുള്ള അഡൂർ റിസർവ് വനത്തിൽ കാട്ടാനകൾ വരാറുണ്ട്. കാസർഗോഡ് ജില്ലയിലെ വന മേഖല ജനവാസ കേന്ദ്രങ്ങളിലും കയറിയും ഇറങ്ങിയും ചുറ്റപ്പെട്ടുമാണുള്ളത്. ആനകളുടെ വനത്തിനകത്തെ വഴികളും റോഡുകളുമാണ് നാട്ടുകാരും ഉപയോഗിക്കുന്നത്. കർണ്ണാടക വനങ്ങളിൽ നിന്നുമാണ് കാസർഗോഡ് ഡിവിഷനിൽ വനമേഖലയിലേക്ക് കാട്ടാനകൾ ഇറങ്ങി വരുന്നത്. ഇങ്ങനെ വന്ന മൂന്ന് കൂട്ടം കാട്ടാനകളെ വയനാട്ടിൽ നിന്നും വന്ന എലിഫന്റ് ടാസ്ക് ഫോഴ്സിന്റെയും കണ്ണൂർ ദ്രുതകർമ്മ സേനയുടെയും സഹായത്തോടെ കർണ്ണാടക വനത്തിലേക്ക് തിരിച്ചയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly